**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായവരുടെ ഉപരിപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽ തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് 77951 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. 2021-2022 അധ്യയന വർഷം അനുവദിച്ച 81 (എൺപത്തി ഒന്ന്) താൽക്കാലിക ബാച്ചുകൾ ഈ വർഷവും തുടരുന്നുണ്ട്. ഇതിൽ 31 (മുപ്പത്തി ഒന്ന്) ബാച്ചുകൾ മലപ്പുറം ജില്ലയിലാണ്. കൂടാതെ ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും 14 (പതിനാല്) ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. പ്രവേശനത്തിനു മുൻപായി തന്നെ സർക്കാർ സ്കൂളുകളിൽ 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ 10% അധിക മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം ഹയർ സെക്കന്ററി പ്രവേശനത്തിനായി അപേക്ഷിച്ച എല്ലാവർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 (തൊണ്ണൂറ്റി ഏഴ്) ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചതിൽ 53 എണ്ണം മലപ്പുറം ജില്ലയിലാണ്. |
| (ബി) | മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ വിദ്യാഭ്യാസം തുടങ്ങി വിവിധ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; തരംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഹയർ സെക്കണ്ടറി മേഖലയിൽ സർക്കാർ സ്കൂളുകളിൽ 33925 സീറ്റുകളും എയ്ഡഡ് സ്കൂളുകളിൽ 25765 സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിൽ 11286 സീറ്റുകളും ഉൾപ്പെടെ 70976 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2820 സീറ്റുകളും ഐ.റ്റി.ഐ മേഖലയിൽ 5484-ഉം പോളിടെക്നിക്ക് മേഖലയിൽ 880 സീറ്റുകളും ലഭ്യമാണ്. ഇതിനു പുറമേ ഐ.റ്റി.സി., ഓപ്പൺ സ്കൂൾ മേഖലയിലും സീറ്റുകൾ ലഭ്യമാണ്. |
| (സി) | മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറിക്ക് പുതിയ | (സി) | ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും |

| | | | |
|---|---|---|---|
| | ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | | 14 (പതിനാല്) ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനു പുറമേ മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 (തൊണ്ണൂറ്റി ഏഴ്) ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചതിൽ 53 എണ്ണം മലപ്പുറം ജില്ലയിലാണ്. |
| (ഡി) | എല്ലാ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്കും, ഉപരിപഠത്തിന് അർഹത നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും അവർ ആവശ്യപ്പെടുന്ന വിഷയങ്ങൾക്ക് ആവശ്യപ്പെടുന്ന വിദ്യാലയങ്ങളിൽ തന്നെ പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഉപരിപഠനത്തിന് അർഹത നേടിയ 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന സ്കൂൾ/ കോഴ്സിൽ അധിക സീറ്റ് സൃഷ്ടിച്ച് പഠനം ഉറപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും ആക്കുന്നതിനും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനഞ്ച് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നതിനാൽ ഏതെങ്കിലും പ്രത്യേക സ്കൂളിലോ കോഴ്സിലോ പ്ലസ് വൺ-നു പ്രവേശനം വേണമെന്ന അപേക്ഷകൾ പരിഗണിക്കുവാൻ കഴിയില്ല. എങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ